# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1720** **06.07.2015 ൽ മറുപടിയ്ക്ക്**

## <u>സ്വാതന്ത്ര്യ സമര പെൻഷൻ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | സ്വാതന്ത്ര്യ സമര പെൻഷൻ വാങ്ങുന്ന സ്വാതന്ത്ര്യ സേനാനി, നോമിനിയെ ചേർക്കാതെ മരണമടഞ്ഞാൽ അവകാശികൾക്ക് തുടർ പെൻഷൻ അനുവദിയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (എ) | കേന്ദ്രസ്വാതന്ത്ര്യ സമര സേനാനി പെൻഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ അനന്തരാവകാശികളെ നാമനിർദ്ദേശം ചെയ്യില്ലായെങ്കിൽ 6.08.2014 ലെ കേന്ദ്ര സർക്കാരിന്റെ റിവൈസ്ഡ് പോളിസി ഗൈഡ് ലൈൻസിലെ അനക്സെർ V ൽ നിർദ്ദേശിച്ചിരിയ്ക്കുന്ന രേഖകളോടുകൂടി 6 മാസത്തിനകം ജില്ലാ മജിസ്ട്രേറ്റിന് അപേക്ഷ നൽകണം. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ജില്ലാ മജിസ്ട്രേറ്റ് ശിപർശ ചെയ്യുന്ന മുറക്ക് വിതരണ ബാങ്ക് പെൻഷൻ വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കും. 6 മാസത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ ബാങ്കുകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.<br><br>കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷനറുടെ പെൻഷൻ പേമെന്റ് ഓർഡറിൽ ഭാര്യയുടെ പേര് നാമനിർദ്ദേശം ചെയ്യിട്ടുണ്ടെങ്കിൽ പെൻഷണർ മരണമടഞ്ഞതിന് |

| | | | |
|---|---|---|---|
| | | | തൊട്ടടുത്ത ദിവസം മുതൽ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. നാമനിർദ്ദേശം ചെയ്തിട്ടില്ലായെങ്കിൽ പെൻഷനായുള്ള അവകാശവാദം തെളിയിക്കുന്ന എല്ലാ രേഖകളും സഹിതം സാധുതയുള്ള അപേക്ഷ സമർപ്പിക്കുന്ന തീയ്യതി മുതലായിരിക്കും പെൻഷൻ ലഭിക്കുന്നതിനുള്ള അർഹത. |
| (ബി) | അവകാശ സർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ എന്നിവ ഹാജരാക്കുന്നതിന് കാലതാമസമുണ്ടായാൽ തുടർ പെൻഷൻ അനുവദിക്കുമ്പോൾ മുൻകാല പ്രാബല്യം ലഭിക്കാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | നിലവിലെ നിയമമനുസരിച്ച് നാമനിർദ്ദേശം ചെയ്തിട്ടില്ലായെങ്കിൽ പെൻഷനു വേണ്ട അവകാശവാദം തെളിയിക്കുന്ന എല്ലാ രേഖകളും സഹിതം സാധുതയുള്ള അപേക്ഷ സമർപ്പിക്കുന്ന തീയ്യതി മുതൽ മാത്രമാണ് തുടർ പെൻഷൻ അനുവദിക്കുന്നത്. ഇതിന് മുൻകാല പ്രാബല്യം ലഭിക്കില്ല. |
| സി | മുൻകാല പ്രാബല്യത്തോടെ തുടർ പെൻഷൻ ലഭിക്കണമെന്നാവശ്യപ്പെട്ട് ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ